

എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

മേയ് 2023 വാല്യം 56 ലക്കം 5 വില ₹ 25, തിരുവനന്തപുരം
May 2023 Vol 56 No 5 Price ₹ 25, Thiruvananthapuram

'സ്വാതന്ത്ര്യം കൊടുക്കുന്ന സമൂഹം'
മലയാളി യുവതികളുടെ
ഉദാരലിംഗവിവേചന അനുഭവങ്ങൾ
ഗോഡ്‌വിൻ എസ്.കെ., പാർവതി ആർ., മേഘ ബി., ശ്വേത മുരളി 10

മതജീവിതവും ആൺകോയ്മയും
കെ.ടിയുടെ ഇത് ഭൂമിയാണ്
എന്ന നാടകത്തിൽ
ഡോ. ശോഭിത ജോയ് 18

വെളിച്ചപ്പെടുന്നവരുടെ ലോകം
നിർമാല്യത്തെ വീണ്ടും വായിക്കുമ്പോൾ
പി.എസ്. രാധാകൃഷ്ണൻ 30

സിനിമയിലെ ആണത്തവ്യവഹാരവും
വാഹനങ്ങളും
ഡോ. സിബു മോടയിൽ 34

മാടായിക്കാവിലെ മാരിത്തെയ്യങ്ങൾ
ഡോ. സിന്ധു. കെ.വി. 40

സ്ഥലനാമചരിത്രകാരനായ
ചട്ടമ്പിസ്വാമികൾ
പാർവതി നായർ എൻ. 52

വർത്തമാനകാലത്തെ
രോഗാതുരമായ പ്രണയവൈറസ്
വി. അനിൽകുമാർ 55

കേരളപാണിനിയുടെ
ജനാധിപത്യസങ്കല്പനം
ഡോ. ഷിജു കെ. 65

ബഷീറിന്റെ നീലവെളിച്ചവും
ലോകസാഹിത്യത്തിലെ
മാജിക്കൽ റിയലിസവും
മുഹമ്മദ് ഷാഫി എൻ.വി. 73

ഒ.വി. വിജയന്റെ 'എട്ടുകാലി' (കഥ)
ഒരു മനശ്ശാസ്ത്ര അവലോകനം
ശോണിമ കെ.പി. ആർ. 78



വയോജനങ്ങളുടെ
മാനസികോല്ലാസം
സംഗീതപരിചരണത്തിലൂടെ
ശ്രുതി എ.
05
സംഗീതപരിചരണത്തിലൂടെയുള്ള
ചികിത്സാക്രമം ചർച്ച ചെയ്യുന്ന ലേഖനം



ആദിവാസി വികസന നയം
ഒരന്വേഷണം
ഡോ. അഭിലാഷ് ടി.എസ്.
23
ആദിവാസി വികസന നയത്തിന്റെ
ഫലപ്രാപ്തിയെക്കുറിച്ച് വിശദമായി
ചർച്ച ചെയ്യുന്ന ലേഖനം



ഉച്ചാർ;
നെല്ല് പെണ്ണ് തിരളുന്നതിന്റെ
ഗോത്രാഖ്യാനങ്ങളും
നരവംശശാസ്ത്ര വിജ്ഞാനങ്ങളും
ഡോ. ഇന്ദു മേനോൻ
45




വാൻഗോഗിന്റെ
അൾത്താര
എൻ. തോമസ്കുട്ടി
60
വിൻസെന്റ് വാൻ ഗോഗിന്റെ
കലാജീവിതത്തെക്കുറിച്ചുള്ള പഠനം

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിരിക്കണമെന്നില്ല - എഡിറ്റർ

ചീഫ് എഡിറ്റർ 0471 2316306
എഡിറ്റർ 8547071549
ഇ മെയിൽ editorvijnanakairali@gmail.com harivkairali@gmail.com
പ്രസാധകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ 9447762255 vkcirculation@gmail.com
www.keralabhashainstitute.org

# ബഷീറിന്റെ നീലവെളിച്ചവും ലോകസാഹിത്യത്തിലെ മാജിക്കൽ റിയലിസവും

മുഹമ്മദ്റാഫി എൻ വി



വൈക്കം മുഹമ്മദ് ബഷീർ

വൈക്കം മുഹമ്മദ് ബഷീറിന്റെ നീലവെളിച്ചം എന്ന കഥ ഉൾപ്പെടുത്തിയ പാവപ്പെട്ടവരുടെ വേശ്യ എന്ന സമാഹാരം 1952-ലാണ് പ്രസിദ്ധീകരിക്കുന്നത്. അത്ഭുതകരമാം വിധം ഇക്കഥ ഫാന്റസി-മാജിക്കൽ റിയലിസം ഉൾച്ചേർന്ന രചനയാണ്. നീലവെളിച്ചം എന്ന നീണ്ടകഥ ഈ സമാഹാരം ഇറങ്ങുന്നതിനും കുറച്ചു വർഷങ്ങൾക്കു മുമ്പ് എഴുതിയതാവാനാണ് സാധ്യത. അത്ഭുതകരമാം വിധം എന്ന് വിശേഷിപ്പിക്കാനുള്ള കാരണം ലോകസാഹിത്യത്തിൽ തന്നെ അറുപതുകളിലാണ് മാർക്വേസ് അടക്കമുള്ള എഴുത്തുകാർ മാജിക്കൽ റിയലിസം സാഹിത്യത്തിലെ ആഖ്യാനസങ്കേതമായി കൊണ്ടുവന്നത് എന്നതുകൊണ്ടാണ്. നാല്പതുകളിലും അതിനു മുമ്പും ചിത്രകലയിലും ലേഖനത്തിലും മാജിക്കൽ റിയലിസത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് ചർച്ച വന്നുവെങ്കിലും ഒരു സാഹിത്യസങ്കേതം എന്ന നിലയ്ക്ക് നീലവെളിച്ചം എന്ന കഥ വന്നുകഴിഞ്ഞാണ് ലോകസാഹിത്യത്തിൽ തന്നെ മാജിക്കൽറിയലിസം വികാസം പ്രാപിക്കുന്നത്. ഇക്കാര്യം നമ്മുടെ സാഹിത്യനിരൂപകർ ഇനിയും വേണ്ടത്ര ഗൗരവത്തോടെ രേഖപ്പെടുത്തിയിട്ടില്ല എന്നതൊരു വസ്തുതയാണ്. മാജിക്കൽറിയലിസത്തിന്റെ സ്വഭാവസവിശേഷതയും ചരിത്രവും അതോടൊപ്പം വൈക്കം മുഹമ്മദ് ബഷീറിന്റെ നീലവെളിച്ചം എന്ന കഥ എങ്ങനെ ഒരു മാജിക്കൽ റിയലിസ്റ്റ് ആഖ്യാനമാകുന്നു എന്ന അന്വേഷണവുമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

സംഭവിക്കാൻ സാധ്യതയില്ലാത്തതും യുക്തിക്ക് നിരക്കാത്തതുമായ വസ്തുതകൾ യുക്തിസഹമായി എന്ന തോന്നലുണ്ടാക്കി അവതരിപ്പിക്കുന്ന കഥാകഥനരീതിയാണ് മാജിക്കൽ റിയലിസം. മിത്തുകളുടെ ആഖ്യാനമെന്ന നിലയ്ക്കോ [മിത്തിക്കൽ റിയലിസം] ഫാന്റസി എന്ന നിലയ്ക്കോ ഒക്കെ വായനക്കാരന്റെ അബോധത്തിലേക്ക് ഇടപെടുന്ന സൗന്ദര്യാത്മകമായ കഥനരീതിയും ആഖ്യാനശാസ്ത്രവുമായി ഇത് വികസിച്ചു വന്നു എന്നുപറയാം. എം. കൃഷ്ണൻനായർ മാർക്വേസിന്റെ ഏകാന്തതയുടെ നൂറു വർഷങ്ങൾ എന്ന കൃതിയെടുത്ത് മാജിക്കൽ റിയലിസത്തെ വിശദീകരിക്കാൻ ശ്രമിക്കുന്നുണ്ട്. അബോധമനസ്സിനെ അയുക്തികമായ അന്തരീക്ഷത്തിൽ കൊണ്ടുവരുമ്പോഴാണ് മനോരഥസൃഷ്ടി — ഫാന്റസി — ജനിക്കുന്നത്. ഒരു സുന്ദരനോട് [അയാൾ മരിച്ചവനാണെങ്കിലും] സ്ത്രീകൾക്കുണ്ടാകുന്ന അബോധാത്മകമായ താല്പര്യത്തെ യുക്തിഹീനമായ അന്തരീക്ഷത്തിലേക്ക് വികസിപ്പിച്ച് കൊണ്ടുവരുന്നു മാർക്വേസ്. ആണുങ്ങൾ ആ താല്പര്യം ചപലതയായി കരുതുന്നു. അവർക്ക സ്ത്രീകളുടെ മാനസികനിലയെക്കുറിച്ച്, അബോധാത്മക പ്രേരണകളെക്കുറിച്ച് ഒന്നുമറിഞ്ഞുകൂടാ. പെണ്ണുങ്ങൾ ആഹ്ലാദത്തിന്റെ കണ്ണുനീർ പൊഴിക്കുന്നത് എന്തിനാണെന്ന് അവർക്ക നിശ്ചയമില്ല. [എം. കൃഷ്ണൻ നായർ: 1980] 1. എന്ത് റിയാലിറ്റി, എന്ത് ഫാന്റസി എന്ന വേർതിരിച്ചറിയാൻ കഴിയാത്തവിധമാണ് മാർക്വേസ് ആ കൃതിയിൽ മാക്കോണ്ട എന്ന പ്രദേശത്തിന്റെയും ജീവിതത്തിന്റെയും കഥാഖ്യാനം നിർവഹിക്കുന്നത്. സാഹിത്യം മിത്തായി പകർന്നാടുകയാണോ മിത്ത് തന്നെ സാഹിത്യമായി പകർന്നാടുകയാണോ എന്ന് നിശ്ചയമില്ലാത്ത വിധം മാർക്വേസിന്റെ നോവൽ കഥയുടെയും ഫാന്റസിയുടെയും മായാലോകം സൃഷ്ടിക്കുന്നു. താങ്ങില്ലാതെ അന്തരീക്ഷത്തിലേക്ക് ഉയരുന്ന പാതിരിയും ആകാശത്തു നിന്നുണ്ടാകുന്ന മഞ്ഞപ്പൂക്കളുടെ വർഷ

ലാറ്റിനമേരിക്കയുടെ ഏതാണ്ട് അജ്ഞാതവും ഭ്രാന്തകവുമായ യാഥാർഥ്യം അനാവരണം ചെയ്യാൻ ശ്രമിച്ചുകൊണ്ട്, വസ്തുവിനെയും സാഹിത്യഭാഷയെയും കുറിച്ച് ഒരു പുതിയ ദർശനം ഉണ്ടാക്കുകയായിരുന്നു മാർക്വേസ് എന്ന തോതിൽ തന്നെ അതാഘോഷിക്കുകയും മാജിക്കൽ റിയലിസം യൂറോപ്യൻ ആഖ്യാനത്തിൽ പ്രതിഫലിക്കുകയും ചെയ്തു. സെർവാന്റിസിനുശേഷം സ്പാനിഷ് ഭാഷയിലുണ്ടായ ഏറ്റവും പ്രതിഭാശാലിയും ജനപ്രിയനുമായ എഴുത്തുകാരനായി മാർക്വേസ് വിശേഷിപ്പിക്കപ്പെട്ടു.

വുമെല്ലാം വായനക്കാരനെ അയുക്തികതയുടെ ഭാവനാപ്രപഞ്ചത്തിൻ കൊണ്ടിരുത്തി ഹർഷപുളകിതനാക്കി. മലയാളിവായനക്കാർ എൺപതുകളിൽ തന്നെ മാർക്വേസിനെ മലയാളിയായ എഴുത്തുകാരനെ പോലെ ആഘോഷിച്ചു. ലാറ്റിനമേരിക്കയുടെ ഏതാണ്ട് അജ്ഞാതവും ഭ്രാന്തകവുമായ യാഥാർഥ്യം അനാവരണം ചെയ്യാൻ ശ്രമിച്ചുകൊണ്ട്, വസ്തുവിനെയും സാഹിത്യഭാഷയെയും കുറിച്ച് ഒരു പുതിയ ദർശനം ഉണ്ടാക്കുകയായിരുന്നു മാർക്വേസ്. സെർവാന്റിസിനുശേഷം സ്പാനിഷ് ഭാഷയിലുണ്ടായ ഏറ്റവും പ്രതിഭാശാലിയും ജനപ്രിയനുമായ എഴുത്തുകാരനായി മാർക്വേസ് വിശേഷിപ്പിക്കപ്പെട്ടു.

ഷേക്സ്പിയറും മിൽട്ടണും സെർവാന്റിസും ദസ്തയേവ്സ്കിയും കസാൻദ് സാക്കിസും എലിയറ്റും നെരൂദയും കാഫ്കയും കാമുവുമൊക്കെ ആഘോഷിക്കപ്പെട്ടപോലെ ഒരു ഭാഷയുടെയോ ദേശീയതയുടെയോ മാത്രം എഴുത്തുകാരൻ എന്നതിലുപരി ഭൂഖണ്ഡത്തിന്റെ എഴുത്തുകാരൻ തന്നെയായി മാർക്വേസ് മാറി. അദ്ദേഹം ആദ്യശതമാനവും ലാറ്റിനമേരിക്കൻ/സ്പാനിഷ് അമേരിക്കൻ/തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിന്റെ എഴുത്തുകാരനായിരുന്നു. നാലുപതിറ്റാണ്ട് നീണ്ടുനിന്ന (1962-2004) തന്റെ സാഹിത്യരചനാകാലത്ത് അദ്ദേഹം നജീവിതകാമനകളുടെ ഭ്രാന്തകത സാഹിത്യത്തിൽ അലിയിച്ചു ചേർത്തു. One hundred years of Solitude (1967) The Autumn of the Patriarch (1975), Chronicle of a death foretold (1981), Love in the time of Cholera (1985), The General in his Labyrinth (1989) തുടങ്ങിയ രചനകൾ നജീവിതകാമനകളുടെയും ദേശമിത്തുകളുടെ പകർന്നാട്ടത്തിന്റെയും ഭാവനാഭൂപടം നിർമിച്ചു എന്ന് പറയാം.

സാഹിത്യനിരൂപകൻ ഏഞ്ചൽ ഫ്ലോറസ് ഇംഗ്ലീഷ് സാഹിത്യത്തിൽ മാജിക്കൽ റിയലിസം എന്ന പദം ഒരു ലേഖനത്തിൽ അവതരിപ്പിക്കുന്നത് 1955 ലാണ്. ഇത് മാജിക് റിയലിസത്തിന്റെയും അത്ഭുതകരമായ റിയലിസത്തിന്റെയും ഘടകങ്ങളെ സംയോജിപ്പിക്കുന്നതാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. മുമ്പ് പ്രസിദ്ധീകരിച്ച ഹിസ്റ്റോറിയ യൂണിവേഴ്സൽ ഡി ലാ ഇൻഫാമിയ (എ യൂണിവേഴ്സൽ ഹിസ്റ്ററി ഓഫ് ഇൻഫേമി) എന്ന ചെറുകഥാസമാഹാരത്തെ അടിസ്ഥാനമാക്കി അദ്ദേഹം അർജന്റീനിയൻ എഴുത്തുകാരനായ ജോർജ് ലൂയിസ് ബോർജസിനെ ആദ്യത്തെ മാജിക്കൽ റിയലിസ്റ്റ് ആയി തെരഞ്ഞെടുത്തു. മാജിക്കൽ റിയലിസത്തിന് പൊതുവായ ചില സവിശേഷതകളുണ്ട്.

1. റിയലിസ്റ്റിക് ക്രമീകരണം: എല്ലാ മാജിക്കൽ റിയലിസം നോവലുകളും വായനക്കാരന് പരിചിതമായ ലോകത്തിന്റെ പശ്ചാത്തലത്തിൽ തന്നെയാണ് നടക്കുന്നത്.

2. മാന്ത്രിക ഘടകങ്ങൾ: സംസാരിക്കുന്ന വസ്തുക്കൾ, മരിച്ച കഥാപാത്രങ്ങൾ, ടെലിപ്പതി തുടങ്ങി എല്ലാ മാജിക്കൽ റിയലിസഘടകങ്ങളും നോവലിൽ ഉൾച്ചേരുമെങ്കിലും അവ നോവലിനുള്ളിൽ സാധാരണയായി അവതരിപ്പിക്കപ്പെടുന്നു.

3. വിശദീകരണം നിർവഹിക്കാതിരിക്കൽ: മാജിക്കൽ റിയലിസത്തിന്റെ രചയിതാക്കൾ മനഃപൂർവം മാജിക് ഘടകങ്ങളുടെ കഥകളിൽ വിശദീകരിക്കാതെ വിടുന്നത് കഴിയുന്നത്ര സാധാരണമാക്കാനും ദൈനംദിന ജീവിതത്തിന്റെ ഭാഗമാണെന്ന് ഉറപ്പിക്കാനും വേണ്ടിയാണ്.

4. രാഷ്ട്രീയ സാമൂഹിക വിമർശനം: എഴുത്തുകാർ മാജിക്കൽ റിയലിസം ഉപയോഗിച്ച് സമൂഹത്തെ, പ്രത്യേകിച്ച് രാഷ്ട്രീയത്തെയും വരേണ്യവർഗത്തെയുംകുറിച്ച് വ്യക്തമായ വിമർശനം നടത്തുന്നു. പാശ്ചാത്യ രാജ്യങ്ങൾ സാമ്പത്തികമായി അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്ത ലാറ്റിനമേരിക്ക പോലുള്ള ലോകത്തിന്റെ ചില ഭാഗങ്ങളിൽ ഈ വിഭാഗത്തിന് ജനപ്രീതി വർധിച്ചു. മാജിക് റിയലിസ്റ്റ് എഴുത്തുകാർ തങ്ങളുടെ വിമർശനനിലപാടുകൾ പ്രകടിപ്പിക്കാനും അമേരിക്കൻ സാമ്രാജ്യത്വത്തെ വിമർശിക്കാനും ഈ സങ്കേതത്തെ ഉപയോഗിച്ചു.


5. തനതായ പ്ലോട്ട് ഘടന: മാജിക്കൽ റിയലിസം മറ്റ് സാഹിത്യവിഭാഗങ്ങളെപ്പോലെ വ്യക്തമായ തുടക്കവും മധ്യവും അവസാനവുമുള്ള ഒരു സാധാരണ ആഖ്യാനക മാനത്തെ പിന്തുടരുന്നില്ല. ഇതിവൃത്തം എപ്പോൾ മുന്നേറുമെന്നോ സംഘർഷം എപ്പോൾ സംഭവിക്കുമെന്നോ വായനക്കാരന് അറിയാത്തതിനാൽ ഇത് കൂടുതൽ തീവ്രമായ വായനാനുഭവം നൽകുന്നു.

നീലവെളിച്ചം എന്ന കഥ എന്റെ ജീവിതത്തിലെ അത്ഭുതസംഭവങ്ങളിൽ ഒന്നാണെന്ന് പറഞ്ഞുകൊണ്ടാണ് ബഷീർ എഴുതിത്തുടങ്ങുന്നത്.

'നീലവെളിച്ചം എന്ന ഈ കഥ എന്റെ ജീവിതത്തിലെ അത്ഭുതസംഭവങ്ങളിൽ ഒന്നാണ്. സംഭവത്തെക്കാൾ നല്ലത്, അത്ഭുതത്തിന്റെ ഒരു കമിള എന്ന് പറയുന്നതായിരിക്കും. ശാസ്ത്രത്തിന്റെ സൂചി കൊണ്ട് ഇതിനെ കത്തിപ്പൊട്ടിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, എന്നെക്കൊണ്ടു പൊട്ടിക്കാൻ കഴിയുന്നില്ല. ഒരുപക്ഷേ, നിങ്ങൾക്ക് കഴിഞ്ഞേക്കാം; വിശകലനം ചെയ്ത്, വ്യാഖ്യാനിക്കാനും. ഇതിനെ ഞാൻ അത്ഭുതസംഭവം എന്ന് ആദ്യം പറഞ്ഞത്– അതെ, അങ്ങനെയല്ലാതെ ഞാൻ എന്തുപറയും. സംഭവം ഇതാണ്: [വൈക്കം മുഹമ്മദ് ബഷീർ]

ഇവിടെ കഥ ആരംഭിക്കുന്നതുതന്നെ സാധാരണ വിവരണത്തിൽക്കൂടിയാണെങ്കിലും തുടക്കത്തിൽ തന്നെ അസാധാരണമായ ഒരു സംഭവമാണ് വിവരിക്കുന്നതെന്ന് വ്യക്തമാക്കാൻ ശ്രമിക്കുന്നു. ബഷീറിന് പറയാനുണ്ടായിരുന്നത് തന്റെ പ്രണയം സാക്ഷാത്കരിക്കാനാകാതെ കിണറിന്റെ ആഴങ്ങളിലേക്ക് വീണ് ജീവിതത്തിന് വിരാമമിട്ട് പുനർജനിച്ച സുന്ദരിയായ ഭാർഗവിക്കുട്ടിയുടെ കഥയായിരുന്നു. നാട്ടുകാർ പ്രേതഗൃഹമാക്കി ഭീതിയോടെ നോക്കിയിരുന്ന ആ വീട്ടിലിരുന്ന് ബഷീർ ഭാർഗവി എന്ന പേരുള്ള യുവതിയുമായി പ്രണയത്തിലായി.





ഭാർഗവീനിലയം എന്ന ചലച്ചിത്രത്തിലെ ഒരു രംഗം

അവളുടെ സാമീപ്യവും മണവുമറിഞ്ഞു. സംസാരിക്കുമ്പോൾ അവൾ തന്റെയടുത്തു തന്നെയുണ്ടെന്ന തോന്നലാണ് വായനക്കാരനിൽ ആഖ്യാതാവ് ഉണ്ടാക്കുന്നത്. ഭാർഗവീനിലയത്തിൽ പ്രേതമുണ്ടെന്നാണ് നാട്ടുകാർ പറഞ്ഞതെങ്കിലും എഴുത്തുകാരൻ മനുഷ്യസ്ത്രീയെ എന്നപോലെ അവളെ പരിഗണിക്കുന്നതിനാൽ വായനക്കാരന് അങ്ങനെ തന്നെ തോന്നുന്നു. അല്ലെങ്കിൽ മരിച്ച കഥാപാത്രമാണ് ഭാർഗവിക്കുട്ടി എങ്കിലും അവൾ നീലവെളിച്ചം എന്ന കഥയിൽ സാധാരണയായി ഉൾച്ചേരുന്നു. അവളോട് ആഖ്യാതാവ് സംഭാഷണത്തിൽ ഏർപ്പെടുന്നത് ശ്രദ്ധിക്കുക.

"ഭാർഗവിക്കുട്ടീ" ഞാൻ പതുക്കെ വിളിച്ചു പറഞ്ഞു: "തമ്മിൽ പരിചയമില്ല. ഞാൻ ഇവിടെ താമസിക്കാൻ വന്ന ആളാണ്. ഞാൻ വളരെ നല്ല മനുഷ്യനാണെന്നാണ് എന്റെ അഭിപ്രായം. നിത്യബ്രഹ്മചാരി. ഭാർഗവിക്കുട്ടിയെപ്പറ്റി വളരെ അപവാദങ്ങൾ ഞാൻ കേട്ടുകഴിഞ്ഞു. നീ ഇവിടെ ആളുകളെ താമസിപ്പിക്കില്ല. രാത്രി പൈപ്പുകൾ ഇറന്നിടും. വാതിലുകൾ പഠാന്നടയ്ക്കും. ആളുകളുടെ കഴുത്തിനു ഞെക്കിപ്പിടിക്കും... ഈവിധമൊക്കെ ഞാൻ കേട്ടു. ഞാനിപ്പോൾ എന്താ ചെയ്യുക? രണ്ടു മാസത്തെ വാടക മുൻകൂർ കൊടുത്തുകഴിഞ്ഞിരിക്കുന്നു. എനിക്കീ സ്ഥലം നന്നായി പിടിച്ചിട്ടുണ്ട്."

[വൈക്കം മുഹമ്മദ് ബഷീർ നീലവെളിച്ചം]

പ്ലോട്ട് പുരോഗമിക്കുന്നത് തികച്ചും സാധാരണ രീതിയിലും പ്രവൃത്തിയിലും ഉൾച്ചേർന്നാണ്. ആത്മഹത്യ ചെയ്ത ഭാർഗവിക്കുട്ടി ആശരീരാതൊട്ടുണ്ടായവളാണ്. മറ്റൊരർഥത്തിൽ പറഞ്ഞാൽ എഴുത്തുകാരന്റെ അബോധത്തിന്റെ സാന്നിധ്യത്തിലാണ് ഭാർഗവി പുനർജനിക്കുന്നത്. എങ്കിലോ കഥയുടെ പ്ലോട്ട് വികസിക്കുമ്പോൾ ഭാർഗവിക്കുട്ടിയെ ജീവിച്ചിരിക്കുന്ന സ്ത്രീയെപ്പോലെ പരിഗണിക്കുകയും വായനക്കാരന് അങ്ങനെ തോന്നുന്നവിധം അവളോട് ഇടപഴകുകയും സംസാരിക്കുകയും ചെയ്യുന്നു.

ഭാർഗവീനിലയത്തിൽ ആഖ്യാതാവ്/എഴുത്തുകാരൻ താമസിക്കുന്നതിന് മുമ്പ് ഭാർഗവിക്കുട്ടിയോട് അനുവാദം ചോദിക്കുന്നു. താൻ ഭാർഗവിക്കുട്ടിയെ സ്നേഹിക്കുന്നെന്ന് അറിയിക്കുന്നു. പാട്ട് കേൾപ്പിക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. ആദ്യത്തെ രാത്രിയിൽ തന്നെ ഗ്രാമഫോൺ റിക്കോർഡ് പാടി... "ഉർദേശ് കാ മെഹ്നേവാലാ ആയാ?..." (നീലവെളിച്ചത്തിൽ ആഖ്യാതാവ് ഭാർഗവിക്ക് കേൾപ്പിച്ചു കൊടുക്കുന്ന പാട്ടുകൾ ഇവയാണ്. 1941-ൽ ഇറങ്ങിയ ഡോക്ടർ എന്ന സിനിമയിൽ പങ്കജ് മല്ലിക് പാടിയ ഉസർഗ യാ വഹ് സമാനാ കൈസാ.., 1947-ൽ ഇറങ്ങിയ അഞ്ജൻഗായിലെ "ഉ ദർ ന സരാഭീ!" ബിംഗ് ക്രോസ്ബിയുടെ In the moon light, കനാൻദേവിയും അസിട്ടാരനം ചേർന്ന് പാടിയ ഉർദേശ് കാ മെഹ്നേ വാലാ ആയാ, 1940-ൽ ഇറങ്ങിയ സിന്ദഗി എന്ന സിനിമയിൽ കെ എൽ സൈഗാൾ പാടിയ സോജാ രാജകുമാരി)

ഒരുദിവസം എഴുതിക്കൊണ്ടിരുന്നപ്പോഴാണ് അത് സംഭവിച്ചത്. വിളക്കിൽ മണ്ണെണ്ണ തീർന്നുപോയി. തിരി മുഴുവൻ നീട്ടി നീട്ടി കത്തിയെരിഞ്ഞു കഴിഞ്ഞു വിളക്കണഞ്ഞപ്പോൾ പുറത്തുതാമസിക്കുന്ന സുഹൃത്തുക്കളിൽ നിന്ന് മണ്ണെണ്ണ വാങ്ങാൻ പോയി. മഴ പെയ്തതിനാൽ മണ്ണെണ്ണയുമായി തിരികെ വരാൻ വൈകി. മണിക്കൂറുകൾക്ക് ശേഷം തിരികെ വന്ന സമയത്ത് ഭാർഗവീനിലയത്തിൽ കണ്ട അത്ഭുതം കഥയിൽ നമുക്കിങ്ങനെ വായിക്കാം.

'ഞാൻ മുറിതുറന്ന് അകത്തു കയറി. അപ്പോൾ

എഴുത്തുകാർ മാജിക്കൽ റിയലിസം ഉപയോഗിച്ച് സമൂഹത്തെ, പ്രത്യേകിച്ച് രാഷ്ട്രീയത്തെയും വരേണ്യവർഗത്തെയും കുറിച്ച് വ്യക്തമായ വിമർശനം നടത്തുന്നു. പാശ്ചാത്യ രാജ്യങ്ങൾ സാമ്പത്തികമായി അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്ത ലാറ്റിനമേരിക്ക പോലുള്ള ലോകത്തിന്റെ ചില ഭാഗങ്ങളിൽ ഈ വിഭാഗത്തിന് ജനപ്രീതി വർധിച്ചു.

'നീലവെളിച്ചം എന്ന ഈ കഥ എന്റെ ജീവിതത്തിലെ അത്ഭുതസംഭവങ്ങളിൽ ഒന്നാണ്. സംഭവത്തേക്കാൾ നല്ലത്, അത്ഭുതത്തിന്റെ ഒരു കഷ്ണം എന്ന് പറയുന്നതായിരിക്കും. ശാസ്ത്രത്തിന്റെ സൂചികൊണ്ട് ഇതിനെ കുത്തിപ്പൊട്ടിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, എന്നെക്കൊണ്ടു പൊട്ടിക്കാൻ കഴിയുന്നില്ല. ഒരുപക്ഷേ, നിങ്ങൾക്കു കഴിഞ്ഞേക്കാം; വിശകലനം ചെയ്ത്, വ്യാഖ്യാനിക്കാനും. ഇതിനെ ഞാൻ അത്ഭുതസംഭവം എന്ന് ആദ്യം പറഞ്ഞത്... അതെ, അങ്ങനെയല്ലാതെ ഞാൻ എന്തുപറയും. സംഭവം ഇതാണ്:' (വൈക്കം മുഹമ്മദ് ബഷീർ)

എല്ലാം ഞാൻ അറിഞ്ഞു. എന്ന് പറഞ്ഞാൽ ഒരു ഞെട്ടലോടെ എന്റെ ഓരോ അണുവിനും ഒരു സംഗതി ബോധ്യം വന്നു. ഞാൻ ഒന്നു വിറച്ചില്ല. സ്തബ്ധനായി നിന്നു എന്നു മാത്രം. എനിക്കെന്തോ പുകപ്പിലെ വിയർപ്പു പൊടിയലോ മറ്റോ ഉണ്ടായി. വെള്ള ചുമരുകളും മുറിയും നീലവെളിച്ചത്തിൽ മുങ്ങി നില്ക്കുന്നു!... വെളിച്ചം വിളക്കിൽനിന്ന്... ഒരിഞ്ചു നീളത്തിൽ ഒരു നീലത്തീനാളം. ഞാൻ അത്ഭുതസ്തബ്ധനായി അങ്ങനെ നിന്നു. മണ്ണെണ്ണ ഇല്ലാതെ സ്വന്തമായ വിളക്ക് എങ്ങനെ, ആരാൽ കൊളുത്തപ്പെട്ടു?... ഈ നീലവെളിച്ചം എവിടെനിന്നുണ്ടായി? തിരിയുമായി കത്തിനിൽക്കുന്ന വിളക്ക്. എന്തും നീലവെളിച്ചം ഭാർഗവീനിലയത്തിൽ ഈ നീലവെളിച്ചം എവിടെ നിന്നുണ്ടായി...?' (വൈക്കം മുഹമ്മദ് ബഷീർ). നീലവെളിച്ചത്തിൽ നിന്നാണ് മലയാളത്തിലെ ആദ്യ ഹൊറർ ചലച്ചിത്രമായ ഭാർഗവീനിലയം ഉണ്ടാകുന്നത്. കഥയിൽ ബഷീറെഴുതിയത് ഭാർഗവി പ്രേമനൈരാശ്യം മൂലം ആത്മഹത്യ ചെയ്തു എന്നാണെങ്കിൽ ചലച്ചിത്രത്തിൽ ഭാർഗവിയുടെ കഥ അവിടെ താമസിക്കാൻ വരുന്ന എഴുത്തുകാരൻ കണ്ടെത്തുന്നതാണ് ചിത്രീകരിച്ചത്. ഭാർഗവി ആത്മഹത്യ ചെയ്യേണ്ട സാഹചര്യമില്ലെന്നും കാമുകൻ അവളെ ആത്മാർത്ഥമായി പ്രണയിച്ചിരുന്നെന്നും മുഖ്യകാരികളിൽനിന്നും മനസ്സിലാക്കിയ സാഹിത്യകാരൻ ഭാർഗവിയുടെ യഥാർഥ കഥയെഴുതാൻ തീരുമാനിക്കുന്നു. ഭാർഗവീനിലയത്തിൽ കാമുകനു നൽകാനായി അവളെഴുതിയ സ്നേഹാക്ഷരങ്ങൾ അയാൾ കണ്ടെത്തുന്നു. ഭാർഗവിയുടെ അറിയപ്പെടാത്ത ചരിത്രം അയാൾ എഴുതാൻ തുടങ്ങിയത് അങ്ങനെയാണ്. ഇന്നുവരെ ഭാർഗവി ആത്മഹത്യ ചെയ്തതാണെന്ന് കരുതിയവരുടെ മുന്നിൽ എഴുത്തുകാരനിലൂടെ ഭാർഗവി കൊല്ലപ്പെട്ടതാണെന്ന സത്യം പുറത്തുവരുന്നു. ഭാർഗവിയുടെ കാമുകനെ അവളുടെ മുറച്ചെറുക്കൻ വിഷംകൊടുത്തു കൊന്നശേഷം ഭാർഗവിയെ പ്രാപിക്കാനൊരുങ്ങുകയും മൽപ്പിടുത്തത്തിനൊടുവിൽ അവൾ കിണറ്റിലേക്ക് വലിച്ചെറിയപ്പെടുകയുമായിരുന്നു എന്നൊരു ഉപകഥ കൂടി സിനിമയിൽ നിർമിച്ചു. ബഷീർ തന്നെയായിരുന്നു തിരക്കഥ എഴുതിയത്. എ. വിൻസെന്റ് സംവിധാനം ചെയ്ത ചന്ദ്രതാര പ്രൊഡക്ഷൻസിന്റെ ഭാർഗവീനിലയവും മലയാളത്തിൽ ഇന്നും കിടപിടിക്കുന്ന സിനിമയായി മാറി.

മാജിക്കൽ റിയലിസത്തിന്റെ മറ്റൊരു സവിശേഷതയായി മുകളിൽ പറഞ്ഞത് അത് നിർവഹിക്കുന്ന രാഷ്ട്രീയ സാമൂഹിക വിമർശനമാണ്. നീലവെളിച്ചത്തിൽ വീടന്വേഷിച്ചു നടക്കുന്ന എഴുത്തുകാരൻ ഭാർഗവീനിലയം കാണുമ്പോൾ ഉണ്ടാകുന്ന വികാരത്തെക്കുറിച്ചിങ്ങനെ എഴുതുന്നു. 'എന്തുകൊണ്ട് കെട്ടിടം ഇതുവരെ ആരും എടുത്തില്ല? വളരെ സുന്ദരിയായ ഒരു സ്ത്രീയെ, സ്ത്രീകൾക്ക പിടിച്ചുപറിയുള്ള ഈ കാലത്ത്- ദാ നമുക്ക ചുളുവിൽ കിട്ടിയിരിക്കുന്നു! ഹൊ അവളെ ആരെയും കാണിക്കാതെ ഒരു പർദ ഇട്ടു മൂടണം! ഇങ്ങനെയുള്ള ഒരു ഭാവമാണ് ആ മാളിക എന്നിലുണ്ടാക്കിയത്. ഞാൻ പരിഭ്രമിച്ചു. ഓടി, ചാടി, പണം കടംവാങ്ങി. ഒരുമാസത്തെ വാടക അഡ്വാൻസായി കൊടുത്തു താക്കോൽ വാങ്ങി- എന്തിന്, ഞൊടിയിടകൊണ്ട് താമസം മാളികയുടെ മുകളിലേക്ക മാറ്റി.' (വൈക്കം മുഹമ്മദ് ബഷീർ) സ്വതസിദ്ധമായതെന്നോ തനിക്കുമാത്രം സാധിക്കുന്നതെന്ന് തന്നെയോ നിർവചിക്കാൻ പറ്റുന്ന നർമ്മബോധവും ആക്ഷേപഹാസ്യവും കലർന്ന വിവരണമാണിവിടെ ബഷീർ നിർവഹിക്കുന്നത്. ഭാർഗവീനിലയം ഒരു ജീവനുള്ള വസ്തുവായോ ജീവനുള്ള സുന്ദരിയായ സ്ത്രീ ഒരു നിർജീവമായ കെട്ടിടമായോ പരിഗണിക്കപ്പെടുന്നു! മനുഷ്യർ ജീവനുള്ള വസ്തുവിനെ സൗന്ദര്യമുണ്ടായിപ്പോയി എന്ന ഒറ്റകാരണത്താലും മറ്റാരും കടത്തിക്കൊണ്ടുപോകാതിരിക്കാനും ചാക്കിട്ടുകെട്ടിലാക്കുന്നതിനെതിരെ കഠിനമായ ബ്ലാക്ക് ഹ്യൂമർ കൊണ്ട് വിമർശനത്തിന്റെ മുനയാക്കുന്നു. മാളികയെ സുന്ദരിയായ സ്ത്രീയെ എന്നപോലെ പരിഗണിച്ചവിധം വായനക്കാരനിൽ പൊട്ടിച്ചിരി തന്നെ നിർമിക്കുന്നു. അതോടൊപ്പം നിർജീവമായ കെട്ടിടം ജീവനുള്ള സ്ത്രീയായി മാറി മാജിക്കൽ ആഖ്യാനവും നിർവഹിക്കുന്നു. ബഷീർ തന്നെ കഥയിൽ പറഞ്ഞപോലെ ഇക്കഥയും അത്ഭുതം തന്നെ എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. നേരത്തെ സൂചിപ്പിച്ച വിധം 1965 -ൽ ആണ് ലോകസാഹിത്യത്തിൽ മാജിക്കൽ റിയലിസത്തെ സംബന്ധിച്ച ഗൗരവപൂർണമായ ആലോചനകൾ കടന്നു വന്നതെന്ന ഓർത്തിച്ചു നോക്കിയാൽ 1962-ൽ പുറത്തിറങ്ങിയ ബഷീറിന്റെ നീലവെളിച്ചം ലോകസാഹിത്യത്തിലെ ലക്ഷണമൊത്ത ആദ്യ മാജിക്കൽ റിയലിസ്റ്റ് കൃതികളിൽ ഒന്നതന്നെയാണെന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും. ലോകസാഹിത്യം പോയിട്ട് മലയാളസാഹിത്യം പോലും ഇന്നുവരെ ഇത് മെൻഷൻ ചെയ്യുകയോ ആലോചിക്കുകയോ ചെയ്തില്ല എന്ന് മാത്രം! മലയാളി പോലും മാജിക്കൽ റിയലിസം സെലിബ്രേറ്റ് ചെയ്തത് 1968 ന ശേഷം ഇറങ്ങിയ മാർക്കേസ് കൃതികൾ തൊണ്ണൂറുകളിൽ മലയാളത്തിൽ എത്തിയപ്പോഴാണ്!

നീലവെളിച്ചത്തിൽ ഭാർഗവിയോ ബഷീർ ഇരുവരുമൊന്നു സാധാരണ ജീവിതം നയിക്കുന്നു. കഥയിൽ ഇങ്ങനെ വായിക്കാം.

'കാലം കുറെയങ്ങു കഴിഞ്ഞപ്പോൾ ഞാൻ ഭാർഗവിയെ മറന്നു. അതായതു വലിയ വർത്തമാനങ്ങൾ ഒന്നുമില്ല. വല്ലപ്പോഴും ഓർക്കും എന്നു മാത്രം. ആ ഓർമ എങ്ങനെയുള്ളതാണെന്നു പറയാം: ഈ ഭൂമിയിൽ എത്രയോ കോടി... അതായത്, മനുഷ്യസമുദായത്തിന്റെ ഉത്ഭവത്തിനുശേഷം... എണ്ണമില്ലാത്ത സ്ത്രീപുരുഷന്മാർ മരിച്ചിട്ടുണ്ട്... അവരെല്ലാം ഈ ഭൂമിയിൽ അലിഞ്ഞും പൊടിഞ്ഞും ചേർന്നിരിക്കുകയാണ്. ഇതു നമുക്കറിയാം. ആ ഇനത്തിൽ ഒരു ഓർമ മാത്രമായി അവശേഷിച്ചു ഭാർഗവി.' (വൈക്കം മുഹമ്മദ് ബഷീർ: നീലവെളിച്ചം)

നീലവെളിച്ചം ചിലയിടങ്ങളിൽ ഒരു ദിവ്യവെളിച്ചത്തിന്റെ ആവിഷ്കാരസൗന്ദര്യവും ഉപാസനയും



വൈക്കം മുഹമ്മദ് ബഷീർ

ആർജിച്ചെടുക്കുന്നുണ്ട്. പ്രേതകഥ എന്നത് സമൂഹത്തിന്റെ അബോധത്തിലെ സംഗതിയാണല്ലോ. ആദിപ്രരൂപാത്മകമായ ഒരു ദിവാസ്വപ്നം പോലെ പെണ്ണിന്റെ പ്രണയവും ഗന്ധവും സാമീപ്യവും മാന്ത്രിക പ്രതിഭാസമായി ആഖ്യാതാവിന്റെ ഉള്ളിൽ കടിമകൊള്ളുന്ന പോലെയാണ് നീലവെളിച്ചം വായിക്കുമ്പോൾ തോന്നുക. മാജിക്കൽ റിയലിസത്തെപ്പറ്റി പ്രൊഫസർ മീരാക്കുട്ടി പറയുന്നു. 'ജീവിതയാഥാർഥ്യങ്ങളുമായിട്ടുള്ള സ്വപ്നമണ്ഡലത്തിന്റെ സങ്കലനഫലങ്ങളായിരിക്കാമിവ. മനശ്ശാസ്ത്രജ്ഞനായ ഫ്രോയ്ഡ് ഒരിക്കൽ പറയുകയുണ്ടായി. കലാസൃഷ്ടികൾ ദിവാസ്വപ്നങ്ങളാണെന്ന്! ഈ നിർവചനത്തെ നീതീകരിക്കുന്നുണ്ട് ഈ മാന്ത്രിക പ്രതിഭാസങ്ങൾ. ഒരു മോഡേണിസ്റ്റ് പ്രവണതയായി തീർന്നിട്ടുണ്ട് മാജിക്കൽ റിയലിസം. മനോരഥസൃഷ്ടിയും യാഥാർഥ്യവും തമ്മിൽ അഭേദം കല്പിക്കുന്ന രചനാസങ്കേതമാണിത്.' (പ്രൊ.മീരാക്കുട്ടി)4

വൈക്കം മുഹമ്മദ് ബഷീറിന്റെ രചനകൾ തന്റെ സമകാലികരുടെ എഴുത്തുകളെ അപേക്ഷിച്ച് നോക്കുമ്പോൾ കാലാതിവർത്തിയും താൻ എഴുതിയിരുന്ന കാലത്തെ ലോകസാഹിത്യഭാവുകത്വത്തെയും പ്രമേയത്തെയും ഏറ്റെടുക്കുന്നതോ പ്രവചിക്കുന്നതോ ആയ തരത്തിലുള്ളതുമായിരുന്നു എന്ന് മാജിക്കൽ റിയലിസം പ്രത്യക്ഷപ്പെടുന്ന നീലവെളിച്ചം (1952 ) അസ്തിത്വവ്യഥ പ്രത്യക്ഷപ്പെടുന്ന ജന്മദിനം (1945) സ്വാതന്ത്ര്യം, അധികാരബന്ധം തുടങ്ങിയവ ചർച്ചചെയ്യപ്പെടുന്ന ടൈഗർ (1945) തുടങ്ങിയ കഥകൾ സാക്ഷ്യപ്പെടുത്തുന്നു. ഒരു കാര്യം സാമാന്യമായി പ്രസ്താവിക്കാമെന്ന് തോന്നുന്നു. ബഷീർ നീലവെളിച്ചം എഴുതുന്ന കാലത്ത് ലോകസാഹിത്യത്തിൽ തന്നെ മാജിക്കൽ റിയലിസം അത്ര പൂർണതോതിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. എഴുത്തിന്റെ സൗന്ദര്യസങ്കേതം എന്ന നിലയിൽ ഇന്ത്യൻ സാഹിത്യത്തിൽ മാജിക്കൽ റിയലിസം വികസിച്ചുവന്നിട്ടില്ല എന്ന കാര്യവും ഉറപ്പിച്ചു പറയാൻ സാധിക്കും. വായനക്കാരന് പരിചിതമായ കഥാപശ്ചാത്തലവും റിയലിസ്റ്റ് ക്രമീകരണവും കഥയിൽ പ്രത്യക്ഷപ്പെടുന്ന ഫെലിഷ്യൻ മാജിക്കൽ ഘടകങ്ങളും കഥയെ സാധാരണമായി അവതരിപ്പിച്ച രീതിയും സാമൂഹിക വിമർശനഘടകങ്ങളും ഇതിവൃത്തഘടനയും നീലവെളിച്ചത്തെ ലക്ഷണമൊത്ത ഒരു മാജിക്കൽ റിയലിസ്റ്റ് ആഖ്യാനമായിത്തീർക്കുന്നുണ്ട്.

നീലവെളിച്ചം ചിലയിടങ്ങളിൽ ഒരു ദിവാസ്വപ്നത്തിന്റെ ആവിഷ്കാര സൗന്ദര്യവും ത്രൂഘടനയും ആർജിച്ചെടുക്കുന്നുണ്ട്. പ്രേതകഥ എന്നത് സമൂഹത്തിന്റെ അബോധത്തിലെ സംഗതിയാണല്ലോ. ആദിപ്രരൂപാത്മകമായ ഒരു ദിവാസ്വപ്നം പോലെ പെണ്ണിന്റെ പ്രണയവും ഗന്ധവും സാമീപ്യവും മാന്ത്രിക പ്രതിഭാസമായി ആഖ്യാതാവിന്റെ ഉള്ളിൽ കടിമകൊള്ളുന്ന പോലെയാണ് നീലവെളിച്ചം വായിക്കുമ്പോൾ തോന്നുക.

## റഫറൻസ്:


1. https://ml.sayahna.org/index.php/ ഒർജിനൽ (മാജിക്കൽ റിയലിസം എം കൃഷ്ണൻ നായർ പ്രഭാത് ബുക്ക് ഹൗസ് 1985 )
2. ENGA_Semester-6 Dr P. Chattopadhyay Post Colonialism Literature- Magical Realism- CC-14-PC page 3
3. നീലവെളിച്ചം ബഷീർ സമ്പൂർണ കൃതികൾ വൈക്കം മുഹമ്മദ് ബഷീർ ഡി.സി ബുക്ക്
4. ഇസങ്ങൾ സാഹിത്യത്തിൽ പ്രൊ. മീരാക്കുട്ടി ഹരിതം ബുക്സ് 2019 പേജ് 36
5. Magical Realism and the Postcolonial Novel Between Faith and Irreverence Christopher Warnes Palgave Macmillan 2009



മുഹമ്മദ് റാഫി എൻ വി
അസിസ്റ്റന്റ് പ്രൊഫസർ, സാഹിത്യപഠനസ്കൂൾ,
മലയാളസർവകലാശാല വാക്കാട് തിരൂർ
9447275854